V സബ്മിഷൻ

(1) സ്വാതന്ത്ര്യസമരസേനാനികളായ എം.പി. ഗോവിന്ദമേനോന്റെയും എം.പി. നാരായണമേനോന്റെയും സ്മാരകം

ശ്രീ. കെ. എ. ചന്ദ്രൻ : സ്വതന്ത്ര്യസമര സേനാനി എം.പി. ഗോവന്ദമേനോൻ, എം.പി. നാരായണമേനോൻ എന്നിവരുടെ സ്മാരകം നിർമ്മിക്കുന്നതിന് 1996-ൽ അനുവദിച്ച രണ്ട് ലക്ഷം രൂപ കഴിയുംവേഗം ലഭ്യമാക്കണമെന്ന ആവശ്യമാണ് ഞാൻ ഉന്നയിക്കുന്നത്. മഹാനായ ഗോവിന്ദമേനോൻ, പ്രമുഖ സ്വാതന്ത്ര്യസമര സേനാനിയും മുൻ മദിരാശി നിയമസഭാ അംഗവുമായിരുന്നു. ഈ മഹാനെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിക്കും നല്ലതുപോലെ അറിയാവുന്നതാണ്. ഗോവിന്ദമേനോന്റെ ജ്യേഷ്ഠൻ നാരായണമേനോൻ 1921 മുതൽ 1935 വരെ 14 വർഷം തുടർച്ചയായി ജയിൽവാസം അനുഭവിച്ച ത്യാഗിവര്യനായിരുന്നു. ആ കുടുംബം മുഴുവൻ സ്വാതന്ത്ര്യസമരത്തിലുണ്ടായിരുന്നു. ഗോവിന്ദമേനോന്റെ പ്രധാനപ്രവർത്തനരംഗമായിരുന്നു ഒറ്റപ്പാലം. സർക്കാർ അനുവദിച്ച 30 സെന്റ് സ്ഥലത്ത് സമുചിതമായ ഒരു സ്മാരകം നിർമ്മിക്കുന്നതിനായി 1996-ൽ അന്നത്തെ മുഖ്യമന്ത്രി എ. കെ. ആന്റണി രണ്ട് ലക്ഷം രൂപ അനുവദിച്ച് കല്പനയായിരുന്നു. ഈ സംഖ്യ ഇതുവരെയും അനുവദിച്ചു കിട്ടിയിട്ടില്ല. പി. ബാലൻ എക്സ് എം.എൽ.എ.യും പ്രതിപക്ഷനേതാവ് ശ്രീ. എ.കെ. ആന്റണിയും ധനകാര്യവകുപ്പുമന്ത്രിക്കും മുഖ്യമന്ത്രിക്കും ഇത് സംബന്ധിച്ച് നിവേദനം നല്കിയിരുന്നു. വർഷം നാലാ യിട്ടും യാതൊരു നടപടിയും ഉണ്ടായിക്കാണുന്നില്ല. കഴിയുംവേഗം പ്രസ്തുത സംഖ്യ നല്കി എം.പി. ഗോവിന്ദ മേനോൻ, എം.പി. നാരായണമേനോൻ സ്മാരകനിർമ്മാണ പ്രവർത്തനത്തെ സഹായിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്പീക്കർ സർ, 15-3-1996-ലെ സർക്കാർ ഉത്തരവ് ജി.ഒ/എം.എസ്/2222/96/ജി.എ.ഡി അനുസരിച്ച് പരേതരായ സ്വാതന്ത്ര്യ സമരസേനാനി എം.പി. നാരായണമേനോൻ, എം.പി. ഗോവിന്ദമേനോൻ എന്നിവർക്ക് ഉചിതമായ സ്മാരകം നിർമ്മിക്കുന്നതിലേയ്ക്ക് രണ്ട് ലക്ഷം രൂപ ശ്രീമാൻ എം.പി. ഗോവിന്ദമേനോൻ സെന്റിനറി സെലിബ്രേഷൻ കമ്മിറ്റിക്ക് ഗ്രാന്റായി അനുവദിച്ചിരുന്നു. 1996-97-ലെ ഉപധനാഭ്യാർത്ഥനയിൽ ആ തുക വക കൊള്ളിക്കുകയും 1997-98 സാമ്പത്തിക വർഷത്തിൽതന്നെ സെലിബ്രേഷൻ കമ്മിറ്റിക്ക് ലഭ്യമാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. അന്വേഷണത്തിൽ പ്രസ്തുത തുക ഇതുവരേയും ലഭ്യമാക്കിയിട്ടില്ലെന്ന് അറിഞ്ഞതിനെ തുടർന്ന് ഇതിന് കാരണക്കാരായ ഉദ്യോഗസ്ഥൻമാരുടെമേൽ നടപടി സ്വീകരിക്കാനും, എത്രയും പെട്ടെന്ന് ഈ തുക സെലിബ്രേഷൻ കമ്മിറ്റിക്ക് ലഭ്യമാക്കാനും ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

(2) പോസ്റ്റുമോർട്ടം പകൽവെളിച്ചത്തിൽ ചെയ്യണമെന്ന നിഷ്കർഷ

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, ജനങ്ങളാകെ ഉറ്റുനോക്കുന്നതും വളരെയേറെ പ്രാധാന്യമുള്ളതും സാമൂഹ്യമായ വലിയ തകർച്ചയ്ക്കു കാരണമാകുന്നതുമായ ഒരു പ്രശ്നമാണ് ഞാൻ ബഹുമാനപ്പെട്ട ഗവൺമെന്റിന്റേയും മുഖ്യമന്ത്രിയുടേയും ശ്രദ്ധയിൽപ്പെടുത്തുന്നത്. ബ്രിട്ടീഷ് ആധിപത്യം മുതൽ ദൈവവിധി പോലെ നടപ്പാക്കി വരുന്നതുമായ ഒരു പ്രശ്നമാണ്. ഒരുപക്ഷേ, ഈ കാര്യം ഈ സഭയിൽത്തന്നെ വരുന്നത്

LIBRARY ARCHIVES Kerala Legislative Assembly

ആദ്യമായിരിക്കും എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പോസ്റ്റുമോർട്ടം സംബന്ധിച്ചാണ് ഞാൻ പ്രതിപാദിക്കുന്നത്. സമൂഹത്തെയാകമാനം ഞെട്ടിക്കുന്നതും ദിവസംതോറും പെരുകി വരുന്നതുമായ അപകട മരണങ്ങൾ, കൊലപാതകങ്ങൾ. ഇതുമൂലം മൃതദേഹങ്ങൾ പോസ്റ്റുമോർട്ടത്തിന് ഇരയാകുന്നു. മരണം സംബന്ധിച്ച് പോലീസ് ഇൻക്വസ്റ്റ് നടത്തും. വൈകുന്നേരം 4 മണി കഴിഞ്ഞാൽ മൃതശരീരം പോസ്റ്റ്മോർട്ടം ചെയ്യാൻ പറ്റില്ല എന്നാണ് അധികൃതർ പറയുന്നത്. നാച്ചറൽ വെളിച്ചം വേണം എന്നതാണ് പ്രധാനമായി കാരണം പറയുന്നത്. മെഴുകുതിരി കത്തിച്ചു കൊണ്ടിരുന്ന ബ്രിട്ടീഷ് ആധിപത്യ ഭരണകാലത്ത് ഉണ്ടാക്കിയ ഒരു സംവിധാനമാണ് ഇത് എന്നാണ് എനിക്കു തോന്നുന്നത്. ഇതു സംബന്ധിച്ച് നിയമപരമായി എവിടെ പരിശോധിച്ചുനോക്കിയാലും കാണുന്നില്ല. ഫോറൻസിക് സയൻസിലും ക്രിമിനൽ ഇൻവെസ്റ്റിഗേഷൻ ട്രയൽസിലും ഇത്ര മണിക്കു ശേഷം പോസ്റ്റുമോർട്ടം നടത്താൻ പാടില്ല എന്നുള്ളത് കാണുന്നില്ല. അത്യാധുനിക സൗകര്യങ്ങൾ നിലവിലുള്ള ഈ നിയമസഭയുടെ വെളിച്ചം തന്നെ ഞാൻ ഉദാഹരണമായി സൂചിപ്പിക്കുകയാണ്. ഈ സാഹചര്യത്തിൽപോലും പോസ്റ്റുമോർട്ടം നാച്ചറൽ വെളിച്ചമില്ലാതെ നടത്താൻ കഴിയുന്നില്ല എന്നാണ് പറയുന്നത്. ജീവനുള്ള ശരീരങ്ങൾ ഏത് അർദ്ധരാത്രിയിലാണെങ്കിലും ഏത് സമയത്താണെങ്കിലും കൃത്തിക്കീറുന്നു. മരിച്ച ശരീരം പോസ്റ്റുമോർട്ടം ചെയ്യാൻ ആധുനിക വെളിച്ചം പോരാ എന്നതാണ് നയമെങ്കിൽ ഈ രാജ്യത്തെ ജീവിക്കുന്ന മനുഷ്യരെക്കുറിച്ച് എന്ത് പറയാൻപറ്റും ? വളരെയധികം ദയനീയമായ ഒരു അവസ്ഥാവിശേഷം. ഒരാൾ ഒരു അപകടത്തിനിരയാകുന്നു. ആ അപകടത്തിന് ഇരയാകുന്ന മനുഷ്യനെ പോസ്റ്റുമോർട്ടം ചെയ്യാൻ ആ ദിവസം കഴിഞ്ഞില്ല എങ്കിൽ ആ കുടുംബക്കാരുടെ പ്രയാസം എന്താണ്! ആ പ്രയാസങ്ങൾ മനസ്സിലാക്കാൻ നമുക്ക് കഴിയണം. വൈകുന്നേരം മുതൽ ചിലപ്പോൾ നാലഞ്ചു ബോഡികൾ പോസ്റ്റുമോർട്ടത്തിനുണ്ടെങ്കിൽ പിറ്റേ ദിവസം വൈകുന്നേരം വരെ കാത്തുനിൽക്കേണ്ട ദയനീയാവസ്ഥ നിലനിൽക്കുകയാണ്. അങ്ങനെയുള്ള ഒരു സാഹചര്യത്തിൽ ആധുനിക വെളിച്ചത്തിൽ പോസ്റ്റുമോർട്ടം നടത്തുന്നതിനാവശ്യമായ നടപടിക്രമങ്ങൾ ഉണ്ടാക്കുന്നതിനു വേണ്ടി ബഹുമാനപ്പെട്ട ഗവൺമെന്റ് വേണ്ടത് ചെയ്യണമെന്ന് ഞാൻ വിനയപൂർവ്വം അപേക്ഷിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്പീക്കർ സർ, നിലവിൽ ഉള്ള സർക്കാർ സർക്കുലർ അനുസരിച്ച് കഴിവതും പകൽ വെളിച്ചത്തിലാണ് പോസ്റ്റുമോർട്ടം നടത്തേണ്ടത് എന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. ആയതിനാൽ രാവിലെ 7 മണി മുതൽ വൈകുന്നേരം 5 മണി വരെയുള്ള സമയത്താണ് പോസ്റ്റുമോർട്ടം ചെയ്തുവരുന്നത്. അപകടങ്ങളിൽ കൂട്ടമരണം സംഭവിക്കുന്നതുപോലെയുള്ള ചില പ്രത്യേക സാഹചര്യങ്ങളിൽ ജില്ലാ മജിസ്ട്രേട്ടിന്റെ അനുമതിയോടുകൂടി 5 മണിക്കുശേഷവും പോസ്റ്റുമോർട്ടം ചെയ്യാറുണ്ട്. പോസ്റ്റുമോർട്ടത്തിന് വിധേയമാകുന്ന മൃതശരീരത്തിൽ ആന്തരികവും ബാഹ്യവുമായ പ്രത്യേകതകൾ കണ്ടുപിടിക്കുന്നതിനും മരണകാരണവും മരണസമയവും കണക്കാക്കുന്നതിനും പകൽ വെളിച്ചത്തിൽ പോസ്റ്റുമോർട്ടം നടത്തുന്നതാണ് കൂടുതൽ ഫലപ്രദം.

(3) 1999-2000-ാമാണ്ടിലെ ബഡ്ജറ്റിൽ അനുവദിച്ചതും ഇതുവരെ ആരംഭിക്കാത്തതുമായ വർക്കുകൾക്ക് അംഗീകാരം നൽകേണ്ടത് സംബന്ധിച്ച്

ശ്രീ. ജി. സുധാകരൻ : സർ, എന്റെ മണ്ഡലമായ കായംകുളം മണ്ഡലത്തിൽ ബഹുമാനപ്പെട്ട ധനമന്ത്രി സഭയിൽ ഈ വർഷം അനുവദിച്ച ബജ്ഡറ്റ് വർക്കുകളിൽ ചിലത് ആരംഭിക്കാനുള്ളത് ആവശ്യമായിട്ടുള്ള എ.എസ്സും മറ്റ് സാമ്പത്തികാനുമതികൾക്കും ബഡ്ജറ്റ് തുക അപര്യാപ്തമായതിന് അത്യാവശ്യം ആരംഭിക്കുന്നതിനുള്ള തുകകളും ചേർത്ത് അടിയന്തിരമായി അനുമതി നൽകിമാർച്ച് 31-നു മുമ്പ് ആരംഭിക്കാൻ ഉത്തരവുണ്ടാകണമെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly